# ടൈംസ് ഇംപാക്ട് റാങ്കിങ്: അമൃത വിശ്വവിദ്യാപീഠം ഒന്നാമത്

കൊല്ലം ● യുഎന്നിന്റെ സുസ്ഥിര വികസന സൂചികകളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള ടൈംസ് ഹയർ എജ്യുക്കേഷന്റെ ഇംപാക്ട് റാങ്കിങ്ങിൽ അമൃത വിശ്വവിദ്യാപീഠം ഇന്ത്യയിൽ ഒന്നാമത്. രാജ്യാന്തരതലത്തിൽ 41-ാം റാങ്കുണ്ട്. 130 രാജ്യങ്ങളിൽ നിന്നായി 2540 സർവകലാശാലകളാണു പട്ടികയിലുള്ളത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം, കുറഞ്ഞ ചെലവിൽ ശുദ്ധ ഊർജം, ജെൻഡർ തുല്യത, ആരോഗ്യ ക്ഷേമം തുടങ്ങിയ മാനദണ്ഡങ്ങൾ പ്രകാരമാണു റാങ്കിങ്. തുടർവിദ്യാഭ്യാസ സംരംഭങ്ങൾ, സർവകലാശാലാ സ്റ്റാർട്ടപ്പുകൾ, സ്ത്രീശാക്തീകരണ പദ്ധതികൾ, ശുദ്ധജലത്തിനും ഊർജത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസവും കമ്യൂണിറ്റി പ്രാതിനിധ്യവും എന്നീ വിഭാഗങ്ങളിൽ അമൃത നൂറിൽ 100 മാർക്ക് നേടി.

സർവകലാശാലയ്ക്ക് അമരാവതി, അമൃതപുരി, ബെംഗളൂരു, ചെന്നൈ, കോയമ്പത്തൂർ, കൊച്ചി, മൈസൂരു, നാഗർകോവിൽ, ഫരീദാബാദ്, ഹരിദ്വാർ എന്നിവിടങ്ങളിൽ ക്യാംപസുകളുണ്ട്.